**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1806 — 17.06.2013-ൽ മറുപടിയ്ക്ക്

## ഭവനഭേദന കേസുകളും മോഷണകേസുകളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിലുണ്ടായ ഭവനഭേദന കേസുകളും മോഷണകേസുകളും എത്രയാണെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (എ) | ഈ സർക്കാരിന്റെ കാലയളവിൽ 5876 ഭവന ഭേദന കേസുകളും 8593 മോഷണ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ എത്ര കേസുകൾ തെളിയിക്കപ്പെടുകയും കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു; പ്രസ്തുത കേസുകളിൽ പോലീസിന്റെയും പേലീസ് വകുപ്പിലെ സാങ്കേതിക സൗകര്യങ്ങളുടെയും പുത്തൻ അന്വേഷണ രീതികളുടെയും സഹായത്താൻ മാത്രം തെളിയിക്കപ്പെട്ട കേസുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും പറയാമോ; | (ബി) | ഇതിൽ 7109 കേസുകൾ തെളിയിക്കപ്പെടുകയും 7153 കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പ്രസ്തുത കേസുകളിൽ പോലീസ് വകുപ്പിലെ സാങ്കേതിക സൗകര്യങ്ങളുടെയും പുത്തൻ അന്വേഷണ രീതികളുടെയും സഹായത്താൽ മാത്രം തെളിയിക്കപ്പെട്ട 194 കേസുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | വീട്ടുടമയുടെയും കടയുടമയുടെയും സന്ദർഭോചിതമായ ഇടപെടലിലൂടെയും അവരുടെ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറ പോലുള്ള സംവിധാനങ്ങളുടെ സഹായത്തോടെയും എത്ര കേസുകൾ തെളിയിക്കപ്പെട്ടു എന്നു പറയാമോ; | (സി) | വീട്ടുടമയുടെയും കടയുടമയുടെയും സന്ദർഭോചിതമായ ഇടപെടലിലൂടെയും അവരുടെ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറ പോലുള്ള സംവിധാനങ്ങളുടെ സഹായത്തോടെയും 57 കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) ചേർത്തല താലൂക്കിൽ ഈ കാലയളവിലുണ്ടായ മോഷണക്കേസുകളും ഭവനഭേദന കേസുകളും എത്രയാണ്; | (ഡി) ചേർത്തല താലൂക്കിൽ ഈ കാലയളവിൽ 124 മോഷണകേസുകളും 65 ഭവനഭേദന കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) ഈ കേസുകൾ എല്ലാം തെളിയിക്കപ്പെട്ടുകയും കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടോ; | (ഇ) ഈ കേസുകളിൽ 78 എണ്ണം തെളിയിക്കപ്പെട്ടുകയും 78 കേസുകളിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) മറ്റ് കേസുകളുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ തെളിയിക്കപ്പെട്ട എത്ര കേസുകൾ ഈ കാലയളവിലുണ്ടായി എന്ന് വ്യക്തമാക്കാമോ; | (എഫ്) മറ്റ് കേസുകളുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ തെളിയിക്കപ്പെട്ട 650 കേസുകൾ ഈ കാലയളവിലുണ്ടായി. |
| (ജി) കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് പുതിയ സാങ്കേതിക പരിശീലനം പോലീസിന് നൽകുന്നുണ്ടോ; | (ജി) കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് പുതിയ സാങ്കേതിക പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. |
| (എച്ച്) അസമയത്ത് എത്തിച്ചേരുന്ന ട്രെയിനുകൾ, ദീർഘദൂര ബസ്സുകൾ, അന്യ സംസ്ഥാന സർവ്വീസുകൾ എന്നിവ നിരീക്ഷിക്കുന്നതിനും അതിലൂടെ മോഷണങ്ങളുടെ സാധ്യത പരിശോധിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ? | (എച്ച്) രാത്രികാലങ്ങൾ ഉൾപ്പെടെ റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ച് പോലീസ് സാന്നിദ്ധ്യം ഉറപ്പ് വരുത്തിയും പ്രസ്തുത സ്ഥലങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും സംശയമുള്ളവരെ പിടികൂടി പരിശോധന നടത്തിയും മോഷണ സാദ്ധ്യത പരമാവധി കുറച്ചുകൊണ്ട് വരുവാൻ സാധ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

ഭവനഭേദന കേസുകളുടെയും മോഷണ കേസുകളുടെയും ജില്ല തിരിച്ചുള്ള വിവരം

| Districts | ഭവനഭേദന കേസുകളുടെ എണ്ണം | മോഷണ കേസുകളുടെ എണ്ണം |
|---|---|---|
| TVM C | 296 | 611 |
| TVM RL | 643 | 626 |
| KLM C | 247 | 430 |
| KLM R | 248 | 257 |
| PTA | 264 | 344 |
| ALP | 296 | 470 |
| KTM | 364 | 567 |
| IDK | 291 | 292 |
| EKM C | 161 | 645 |
| EKM R | 318 | 558 |
| TSR C | 118 | 273 |
| TSR R | 304 | 471 |
| PKD | 359 | 409 |
| MPM | 536 | 606 |
| KKD C | 227 | 322 |
| KKD R | 278 | 361 |
| WYD | 161 | 171 |
| KNR | 481 | 464 |
| KSD | 277 | 276 |
| RLYS | 7 | 440 |
| **TOTAL** | **5876** | **8593** |

അനുബന്ധം I

| Districts | തെളിയിക്കപ്പെട്ട കേസുകളുടെ എണ്ണം | അറസ്റ്റ് നടന്ന കേസുകളുടെ എണ്ണം | സാങ്കേതിക സൗകര്യങ്ങളുടെയും പുത്തൻ അന്വേഷണ രീതികളുടെയും സഹായത്താൽ മാത്രം തെളിയിക്കപ്പെട്ട കേസുകളുടെ എണ്ണം |
|---|---|---|---|
| TVM C | 387 | 387 | 7 |
| TVM RL | 638 | 622 | 14 |
| KLM C | 352 | 352 | 1 |
| KLM R | 282 | 266 | 1 |
| PTA | 360 | 360 | 5 |
| ALP | 221 | 221 | 17 |
| KTM | 510 | 488 | 1 |
| IDK | 350 | 332 | 8 |
| EKM C | 387 | 387 | 2 |
| EKM R | 507 | 511 | 20 |
| TSR C | 261 | 261 | 34 |
| TSR R | 421 | 421 | 4 |
| PKD | 449 | 447 | 0 |
| MPM | 510 | 510 | 2 |
| KKD C | 257 | 376 | 2 |
| KKD R | 272 | 267 | 0 |
| WYD | 180 | 180 | 28 |
| KNR | 384 | 384 | 29 |
| KSD | 161 | 161 | 4 |
| RLYS | 220 | 220 | 15 |
| **TOTAL** | **7109** | **7153** | **194** |

സെക്ഷൻ ഓഫീസർ